# ദൈവവചനത്തിലുള്ള ആശ്രയം

## യാക്കോബ് 01:21

"ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതുമായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ."

യാക്കോബിന്റെ ലേഖനം, തങ്ങളുടെ പാപത്തിന്റെ മോചനത്തിനായി ക്രിസ്തുവിന്റെ രക്തത്തിൽ വിശ്വാസം അർപ്പിച്ചവർക്കു ജീവിതങ്ങളെ ശോധന ചെയ്യുന്നതിന്നും ക്രമപ്പെടുത്തുന്നതിന്നും വേണ്ടി എഴുതപ്പെട്ട ഒരു ഗ്രന്ഥമാണ് എന്ന് കാണുവാൻ കഴിയും. ദൈവത്തിന്നു പ്രസാദകരമായ ഒരു വിശുദ്ധ ജീവിതത്തിനായി എങ്ങനെ തങ്ങളെ തന്നെ സംരക്ഷിക്കണമെന്നും; സംരക്ഷിക്കപ്പെടാത്തവർക്കു നല്ലൊരു മാതൃകയായിരിക്കണമെന്നും യാക്കോബ് പ്രബോധിപ്പിക്കുന്നുണ്ട്.

വാക്യം 21ൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടുകളയാൻ പ്രബോധിപ്പിക്കുമ്പോൾ, അതിൽ ആത്മീകവും ശാരീരികവും മാനസീകവുമായ എല്ലാ അശുദ്ധികളെയും കുറിച്ചാണ് ഓർമ്മപ്പെടുത്തുന്നുന്നത് എന്നുള്ള കാര്യം നാം മറന്നു പോകരുത്. ദൈവവചനത്തിന്റെ സത്യവും പൊരുളും അറിഞ്ഞ് അതിൻപ്രകാരമുള്ള ഒരു ജീവിതം നമുക്ക് കാഴ്ചവെയ്ക്കണമെങ്കിൽ, നമ്മുടെ കർത്താവായ ക്രിസ്തുവിനെ അറിയുകയും അവനെ രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തതിനു മുമ്പ് നമ്മുടെ ജീവിതത്തിൽ ഉണ്ടായിരുന്ന ഈ തിന്മയായ മാർഗ്ഗങ്ങളിൽ നിന്നു മുക്തി നേടിയെങ്കിലേ മതിയാവൂ.

പ്രിയരെ നമ്മിൽ ഉൾനട്ടിട്ടുള്ള ദൈവവചനം നാം താഴ്മയോടെ സ്വീകരിക്കണം. ഒരു വിശ്വാസിയുടെ ജീവിതത്തിൽ അഹങ്കാരത്തിന്റെയോ, വിദ്വേഷത്തിന്റെയോ ഒരു കണികയെങ്കിലും ഉണ്ടാവാൻ പാടില്ല. വാസ്തവത്തിൽ ദൈവം തന്റെ വചനത്തിലൂടെ നമ്മോടു സംസാരിക്കുകയും അതിന്റെ മർമ്മങ്ങളെ വ്യക്തമാക്കിത്തരികയും അതു നമ്മുടെ ജീവിതത്തിൽ എപ്രകാരം പ്രായോഗികമാക്കണമെന്നു തീരുമാനിക്കുകയും ചെയ്യാൻ കഴിയണമെങ്കിൽ നാം എല്ലാവർക്കും ദൈവമുമ്പാകെ താഴ്മയും പരസ്പര സ്നേഹവും ആവശ്യമാണ്. സങ്കീർത്തനങ്ങൾ 25:9ൽ പറയുന്നു, "സൗമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു; സൗമ്യതയുള്ളവർക്കു തന്റെ വഴി പഠിപ്പിച്ചു കൊടുക്കുന്നു." അതുപോലെ തന്നെ യെശെയ്യാവ് 66:2ൽ കാണുന്നു, "എന്റെ കൈ ഇതൊക്കെയും ഉണ്ടാക്കി; അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായതു എന്നു യഹോവ

അരുളിച്ചെയ്യുന്നു; എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറെയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും.”

ഓരോ ദൈവവിശ്വാസിയുടെയും ജീവിതത്തിന്റെ പുതുക്കത്തിന്നു ഉതകുന്ന ഒന്നാണ് ദൈവത്തിന്റെ വചനമെന്നു പറയുന്നത്. അത് നമുക്ക് രക്ഷയുടെ വഴി ഉപദേശിച്ചു തരികമാത്രമല്ല മറിച്ച് നമ്മെ രക്ഷിക്കുവാൻ പര്യാപ്തമായ ഒന്നാണ്. പ്രലോഭനത്തെ ചെറുക്കാനും പാപത്തിൽ നിന്ന് ഓടി അകലാനും ദൈവത്തിന്നു പ്രസാദകരമായ ജീവിതം നയിക്കാനും എങ്ങനെ സാധിക്കും എന്ന് നാം പഠിക്കുന്നു. ദൈവവചനം നാം വായിക്കുകയും, പഠിക്കുകയും, ധ്യാനിക്കുകയും ചെയ്യുമ്പോൾ, അതിൽ നിന്നും ഉൾക്കോള്ളേണ്ടുന്നതും ജീവിതത്തിൽ പ്രായോഗികമാക്കേണ്ടുന്നതുമായ കാര്യങ്ങളെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിത്തരും. പരിശുദ്ധാത്മാവിന്റെ ഇടപെടൽ കൂടാതെ ദൈവവചനം നമുക്ക് പൂർണ്ണമായി മനസ്സിലാക്കുവാനോ ആ വചനത്തിലൂടെ ദൈവം നമ്മുടെ ജീവിതത്തെക്കൊണ്ട് ആഗ്രഹിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുവാനോ കഴിയുകയില്ല.

ദൈവവും അവന്റെ വചനങ്ങളും ഒരു നാളും മാറുകയില്ല എന്നു ദൈവം തന്നെ അരുളിച്ചെയ്തിട്ടുള്ളതു നാം വചനത്തിൽ വായിക്കുന്നുണ്ട്. ആയതിനാൽ നമ്മിൽ ഉൾനട്ടതായ ഈ ദൈവവചനം നമ്മുടെ ജീവിതത്തെ ആകമാനം രൂപാന്തരപ്പെടുത്തുവാനും അതിൻപ്രകാരം നമ്മുടെ ജീവിതങ്ങളെ ക്രമീകരിക്കുവാനുമായി ദൈവത്തിന്റെ കരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 135:5

യഹോവ വലിയവൻ എന്നും നമ്മുടെ കർത്താവു സകലദേവന്മാരിലും ശ്രേഷ്ടൻ എന്നും ഞാൻ അറിയുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 112